**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1303** **14-03-2022 - ൽ മറുപടിയ്ക്ക്**

**കോവിഡ് കാലത്ത് സ്കൂളുകളിൽ നിയമിതരായ ദിവസവേതന അദ്ധ്യാപകർക്കുള്ള ശമ്പളം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | null<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് കാലത്ത് അദ്ധ്യാപകരില്ലാത്ത സ്കൂളുകളിൽ നിയമിതരായ ദിവസവേതന അദ്ധ്യാപകർ ഓൺലൈൻ ക്ലാസ്സുകൾ എടുത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | 22/10/2021 ലെ സ.ഉ(സാധാ) നം.4754/2021/ പൊ.വി.വ പ്രകാരം സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ താത്കാലിക അദ്ധ്യാപക/ഫുൾ-ടൈം മീനിയൽ ഉൾപ്പെടെയുള്ള അനദ്ധ്യാപക നിയമനങ്ങൾ നടത്തുന്നതിന് അനുമതി നൽകുകയും 11/02/2021 ലെ സ.ഉ(പി) നം.29/21/ധന ഉത്തരവിന്റെ അടിസ്ഥാനത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമിതരാകുന്ന അദ്ധ്യാപകർക്ക് ദിവസവേതനം അനുവദിക്കുകയും ചെയ്തു. 22/10/2021 ലെ സ.ഉ(സാധാ) നം.4761/2021/പൊ.വി.വ പ്രകാരം മേൽ ആനുകൂല്യങ്ങൾ എയ്ഡഡ് സ്കൂളുകൾക്കും അനുവദിച്ചു. 26/02/2021 ലെ സ.ഉസാധാ)നം.1957/21/പൊ.വി.വ പ്രകാരം മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ അംഗീകാരം ലഭിച്ച് തുടർന്ന് വരുന്ന അദ്ധ്യാപകർക്ക് കോവിഡ് പശ്ചാത്തലത്തിൽ സ്കൂളുകൾ പ്രവർത്തന സജ്ജമാകാത്തതിനാൽ അവർക്ക് അർഹമായ ദിവസവേതനം അനുവദിച്ചിട്ടുണ്ട്. |
| (ബി) | ഓൺലൈൻ ക്ലാസ്സുകൾ എടുത്ത ദിവസ-വേതന അദ്ധ്യാപകർക്ക് ശമ്പളം നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം വ്യക്തമാക്കാമോ? | (ബി) | 22/10/2021 ലെ സ.ഉ(സാധാ) നം.4754/2021/ പൊ.വി.വ പ്രകാരം സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ താത്കാലിക അദ്ധ്യാപക/ഫുൾ-ടൈം മീനിയൽ ഉൾപ്പെടെയുള്ള അനദ്ധ്യാപക നിയമനങ്ങൾ നടത്തുന്നതിന് അനുമതി നൽകുകയും 11/02/2021 ലെ സ.ഉ(പി) നം.29/21/ധന ഉത്തരവിന്റെ അടിസ്ഥാനത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമിതരാകുന്ന അദ്ധ്യാപകർക്ക് ദിവസവേതനം അനുവദിക്കുകയും ചെയ്തു. 22/10/2021 ലെ സ.ഉ(സാധാ) നം.4761/2021/പൊ.വി.വ പ്രകാരം മേൽ ആനുകൂല്യങ്ങൾ എയ്ഡഡ് സ്കൂളുകൾക്കും അനുവദിച്ചു. 26/02/2021 ലെ |

| | | | |
|---|---|---|---|
| | | | സ.ഉസാധാ)നം.1957/21/പൊ.വി.വ പ്രകാരം മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ അംഗീകാരം ലഭിച്ച് തുടർന്ന് വരുന്ന അദ്ധ്യാപകർക്ക് കോവിഡ് പശ്ചാത്തലത്തിൽ സ്കൂളുകൾ പ്രവർത്തന സജ്ജമാകാത്തതിനാൽ അവർക്ക് അർഹമായ ദിവസവേതനം അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ